(എഫ്) രാഷ്ട്രീയ പാർട്ടികളുടെ നേതൃയോഗം നടക്കുന്ന കോമ്പൗണ്ടിൽ പോലീസിനെ വിന്യസിക്കാറില്ല. കെ.പി.സി.സി. എക്സിക്യൂട്ടീവ് യോഗം നടക്കുന്ന പ്രിയദർശിനി പ്ലാനിറ്റോറിയം കോമ്പൗണ്ടിന് പുറത്ത് ആവശ്യമായ പോലീസ് പാർട്ടിയെ വിന്യസിച്ചിരുന്നു.

(ജി) പോലീസ് പാർട്ടി അസിസ്റ്റന്റ് കമ്മീഷണർ, കന്റോൺമെന്റിന്റെ നേതൃത്വത്തിൽ കൃത്യസ്ഥലത്തെത്തി കൂടുതൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനാൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതായി കാണുന്നില്ല.

രാഷ്ട്രീയ കൊലപാതകങ്ങൾ

54 [55] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ജനുവരി ഒന്നിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇതിൽ മരണമടഞ്ഞവരുടെ രാഷ്ട്രീയ ബന്ധങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഏതെല്ലാം കേസുകളിലെ പ്രതികളെയാണ് ഇനിയും അറസ്റ്റ് ചെയ്യുവാനുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ കാലയളവിൽ സംസ്ഥാനത്ത് 6 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(ബി) ആർ.എസ്.പി.(ബി) . . 1
ഐ.യു.എം.എൽ. . . 1
സി.പി.എം./സി.ഐ.റ്റി.യു. . . 3
ബി.ജെ.പി. . . 1

(സി) 6 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) താഴെപ്പറയുന്ന കേസുകളിലെ ചില പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്.

1. കൊല്ലം ജില്ല ക്രൈം 31/04 ചവറ തെക്കും ഭാഗം പി.എസ്.
2. തൃശൂർ ജില്ല ക്രൈം 148/04 വടക്കേക്കാട് പി.എസ്.

LIBRARY ARCHIVES Kerala Legislative Assembly